# വ്യവസായ കേരളം

02

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 OCTOBER 2021





### വ്യവസായം വിപുലപ്പെടുത്താൻ പെരുമ്പാവൂരിൽ

## ഇന്ത്യയിലെ ആദ്യത്തെ സ്റ്റീൽ ഫർണീച്ചർ കോമൺ ഫെസിലിറ്റി സെന്റർ

എറണാകുളം ജില്ലയിലെ സ്റ്റീൽ നിർമാണ മേഖലയിലുള്ളവരുടെ നേതൃത്വത്തിലുള്ള 'കാലടി സ്റ്റീൽ കൺസോർഷ്യത്തിന്റെ' കോമൺ ഫെസിലിറ്റി സെന്ററിന്റെ ശിലാസ്ഥാപനം 2021 സെപ്റ്റംബർ 26 ഞായറാഴ്ച രാവിലെ 11.30 ന് ബഹു. നിയമ വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിച്ചു.

കേന്ദ്ര സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ സഹമന്ത്രി ശ്രീ. ഭാനു പ്രതാപ് സിംഗ് വർമ്മ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു . എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം (ഡിഐസി) ജനറൽ മാനേജർ ശ്രീ. ബിജു പി. എബ്രഹാം സ്വാഗത പ്രസംഗവും. വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ഡോക്ടർ കെ.ഇളങ്കോവൻ ഐ.എ.എസ് ആമുഖപ്രഭാഷണവും നടത്തി. പെരുമ്പാവൂർ നിയോജക മണ്ഡലം എം.എൽ.എ ശ്രീ. എൽദോസ് കുന്നപ്പിള്ളിൽ അധ്യക്ഷ പ്രസംഗവും ചാലക്കുടി പാർലമെന്റ് മണ്ഡലം എം.പി ശ്രീ. ബെന്നി ബഹന്നാൻ മുഖ്യപ്രഭാഷണവും നിർവ്വഹിച്ചു. രായമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അജയകുമാറും വാർഡ് മെമ്പർ ശ്രീ. ബിജു കുര്യാക്കോസും, തൃശ്ശൂർ എം.എസ്.എം.ഇ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ജോയിൻ ഡയറക്ടർ ശ്രീ. പ്രകാശ് ജി.എസ്സും ചടങ്ങിൽ ആശംസകൾ അറിയിച്ചു. കാലടി സ്റ്റീൽ കൺസോർഷ്യം പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ ശ്രീ.ജോളി പാപ്പച്ചൻ ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.


പെരുമ്പാവൂരിൽ കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ച 15.91 കോടി രൂപയുടെ സ്റ്റീൽ ഫർണിച്ചർ ക്ലസ്റ്റർ പദ്ധതിക്ക് വേണ്ടിയാണ് ഒരേക്കറിൽ 21,000 ചതുരശ്രയടി വിസ്തീർണമുള്ള കോമൺ ഫെസിലിറ്റി സെന്ററിന് തറക്കല്ലിട്ടത്.

സ്റ്റീൽ ഫർണിച്ചർ മേഘലയിലെ ചെറുകിട സംരംഭകർക്ക് കോമൺ ഫെസിലിറ്റി സെന്ററിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായം വിപുലപ്പെടുത്താൻ ലക്ഷ്യമിടുന്നതാണ് പദ്ധതി. കോമൺ ഫെസിലിറ്റി സെന്റർ നിലവിൽ വരുന്നതോടെ അടുത്ത അഞ്ചു വർഷത്തിനകം ഉത്പാദനം ഇരട്ടിയിലധികമാകാനും 10 ശതമാനത്തോളം ഉത്പാദനച്ചെലവ് കുറയ്ക്കാനുമാകും.




## അദാലത്തിൽ തീർപ്പായത് 44 പരാതികൾ

മന്ത്രി പി രാജീവിന്റെ നേതൃത്വത്തിൽ കണ്ണൂർ നോർത്ത് മലബാർ ചേമ്പർ ഓഫ് കൊമേഴ്സ് ഹാളിൽ നടന്ന അദാലത്തിൽ സ്വീകരിച്ച 94 പരാതികളിൽ 44 എണ്ണം പരിഹരിച്ചു. പരാതിക്കാരന്റെ മതിയായ വിവരങ്ങൾ ഇല്ലാത്തതിനാൽ ഒരു പരാതി മാറ്റിവച്ചു. 27 പരാതികൾ തുടർ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറി.
കളിമണ്ണ് ഖനനത്തിന് ജില്ലയിൽ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ടവ, പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ പുനരാരംഭിക്കുമ്പോൾ വീണ്ടും ലൈസൻസ് എടുക്കുന്നതുമായി ബന്ധപ്പെട്ടവ, പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ടവ തുടങ്ങി 22 പരാതികൾ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനായി മാറ്റി വെച്ചു. ഇതിന് പുറമെ 39 പരാതികളാണ് തത്സമയം സ്വീകരിച്ചത്. ഇവയുടെ വിശദാംശങ്ങൾ പഠിച്ച് നടപടി സ്വീകരിക്കും. തളിപ്പറമ്പ്, തലശ്ശേരി എന്നിവിടങ്ങളിലെ താലൂക്ക് വ്യവസായകേന്ദ്രത്തിലും, ജില്ലാ വ്യവസായകേന്ദ്രത്തിലും നേരിട്ടും ഓൺലൈനിലുമാണ് പരാതികൾ സ്വീകരിച്ചത്.






# മുള മേഖലയ്ക്ക്

## പ്രാധാന്യം കൊടുക്കുന്ന സമീപനമാണ് ഈ സർക്കാരിനുള്ളത്

തിരുവനന്തപുരം: മുളമേഖലയ്ക്ക് പ്രാധാന്യം കൊടുക്കുന്ന സമീപനമാണ് ഈ സർക്കാരിനുള്ളതെന്ന് ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി. രാജീവ്. ലോക ബാംബൂ ദിനത്തോട് അനുബന്ധിച്ച് മുള മേഖലയുടെ പ്രചാരണവും മുള ഉൽപ്പന്ന വികസനവും എന്ന വിഷയത്തിൽ വ്യവസായ വാണിജ്യ വകുപ്പിന്റെയും കേരള സംസ്ഥാന ബാംബൂ മിഷന്റെയും കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓൺലൈൺ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വ്യവസായ വാണിജ്യ ഡയറക്ടറും നാഷണൽ ബാംബു മിഷൻ കേരളയുടെ മിഷൻ ഡയറക്ടറുമായ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് സ്വാഗത പ്രസംഗവും വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കേരള സംസ്ഥാന ബാംബൂ മിഷൻ വൈസ് ചെയർമാനുമായ ഡോ. കെ ഇളങ്കോവൻ ഐ.എ.എസ് ആമുഖ പ്രഭാഷണവും നിർവഹിച്ചു. കേരള ഫോറസ്റ്റ് റിസേർച് ഇൻസ്റ്റിറ്റ്യൂട്ട് പീച്ചി ഡയറക്ടർ ഡോ. ശ്യാം വിശ്വനാഥ് പ്രത്യേക പ്രഭാഷണം നടത്തി. കെ-ബിപ്പിന്റെയും കേരള സ്റ്റേറ്റ് ബാംബൂ മിഷന്റെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. സൂരജ് എസ് ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.

തുടർന്നുള്ള ടെക്നിക്കൽ സെക്ഷനുകളിൽ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള സീനിയർ സയിന്റിസ്റ്റ് ഡോ. വി.ബി ശ്രീകുമാർ, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ടെക്നിക്കൽ ഓഫീസർ ഡോ. എ. ഹേമന്ദ്കുമാർ, സെന്റർ ഫോർ ബാംബൂ ഇനിഷ്യേറ്റീ-വ്സ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ബംഗളൂരു തലവൻ ശ്രീ. എസ്. സുശാന്ത് സി.എസ്, ഗ്രാമീൺ കളക്ഷൻ നെറ്റ വർക്ക് ഡയറക്ടർ ശ്രീമതി. ബിൻസി ബേബി, ആശ്വാസ് നിധി ലിമിറ്റഡ് എറണാകുളം ഹ്യൂമൺ റിസോഴ്സ്, ലേണിംങ്ങ് ആന്റ് ഡെവലപ്പ്മെന്റ് ഡയറക്ടർ ശ്രീ. ശ്രീജിത്ത്, ഉറവ് ഇന്റിജീനസ് സയൻസ് ആന്റ് ടെക്നോളജി സ്റ്റഡി സെന്റർ വയനാട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ടോണി പോൾ എന്നിവർ ക്ലാസുകൾ നയിച്ചു.



## 38 ടെക്നോളജി ക്ലിനിക്കുകൾ

കേരളത്തിലെ നിലവിലുള്ള സംരംഭകർക്ക് പുതിയ സാങ്കേതിക വിദ്യയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക എന്ന ലക്ഷ്യത്തോ-ടുകൂടി 38 ടെക്നോളജി ക്ലിനിക്കുകൾ നടത്താൻ വ്യവസായ വകുപ്പ് പദ്ധതിയിടുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ സൂക്ഷ്മ സംരംഭകർ ഉള്ള പ്രധാനപ്പെട്ട 10 മേഖലകൾ തിരഞ്ഞെടുത്തു കൊണ്ട്, ഈ മേഖലയിലെ പുതിയ സാങ്കേതികവിദ്യയെ കുറിച്ചും ഈ മേഖലകളിൽ മികച്ച മാർക്കറ്റിംഗ് അവസരങ്ങൾ ഒരുക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളെക്കുറിച്ചും പുതിയ ഉപകരണങ്ങളെക്കുറിച്ചുമൊക്കെയുള്ള വിവരങ്ങളായിരിക്കും ടെക്നോളജി ക്ലിനിക്കുകളിലൂടെ സംരംഭകർക്ക് എത്തിക്കുക.

ജില്ലാതലത്തിൽ 28 ഉം സംസ്ഥാന തലത്തിൽ 10 ഉം ഉൾപ്പെടെ 38 ടെക്നോളജി ക്ലിനിക്കുകൾ നടത്തിക്കൊണ്ട് കേരളത്തിലെ സംരംഭകരെ പുതിയ സാങ്കേതിക വിദ്യയെക്കുറിച്ച് ബോധവൽക്കരിക്കാനും അവരുടെ സംരംഭ മേഖലയിലെ പുതിയ ആശയങ്ങളെ കുറിച്ചുള്ള അറിവുകൾ പകരാനും ഉദ്ദേശിക്കുന്നത്.

ഇത്തരത്തിൽ നടത്തുന്ന ടെക്നോളജി ക്ലിനിക്കുകളിൽ ആദ്യത്തെ ടെക്നോളജി ക്ലിനിക്ക് തിരുവനന്തപുരം സെൻട്രൽ ട്യൂബർ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ 2021 സെപ്തംബർ 25ന് നടന്നു. ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് സംരംഭകരെ സംബോധന ചെയ്ത് സംസാരിക്കുകയും ടെക്നോളജി ക്ലിനിക്ക് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.